**Kerala State Co.operative Consumers' Federation Ltd.**
Gandhi Nagar, Ernakulam, Kochi-682 020,Tel :2203507, 2203652
E-mail:econsumerfed@gmail.com, cfedhrho2018@gmail.com,
Website: www.consumerfed.net. PAN: AAAAK1164C: TAN: CHNK00364A:
GST: 32AAAAK1164C1ZE Dtd.04-9-1965

CONSUMERFED

CFED/ESD-14/271/2021-22 10.11.2021

**സർക്കുലർ 7/2021**

വിഷയം: കൺസ്യൂമർഫെഡ് ജീവനക്കാർ അംഗങ്ങളായ വിവിധ തൊഴിലാളി ക്ഷേമനിധികളിലേക്ക് അംശാദായം ഈടാക്കുന്നത് സംബന്ധിച്ച്:

കൺസ്യൂമർഫെഡിലെ വിവിധ വിഭാഗം ജീവനക്കാർക്ക് അംഗത്വമുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, കേരള ഷോപ്പ്സ് ആൻറ് കോമേർഷ്യൽ എസ്റ്റാബ്ലിഷ്മെൻറ് വർക്കേഴ്സ് വെൽഫെയർ ബോർഡ്, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, കേരള അബ്ക്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് എന്നീ തൊഴിലാളി ക്ഷേമനിധി പദ്ധതികളിൽ അംശാദായം അതാതു മാസം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കി മാനേജ്മെൻറ് വിഹിതവും ചേർത്താണ് അടച്ച് വരുന്നത്. പെൻഷനും, വിരമിക്കുമ്പോൾ ലഭിയ്ക്കുന്ന തുകയുമല്ലാതെ മറ്റ് ധാരാളം ആനുകൂല്യങ്ങൾ ഈ സ്കീമുകളിൽ നിന്ന് ലഭ്യമാകുന്നുണ്ട്. ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വിവിധ ക്ഷേമനിധി ബോർഡുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, അതാത് സമയങ്ങളിൽ പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. വെബ്സൈറ്റ് വിലാസം ചുവടെ ചേർക്കുന്നു.

1. **KERALA STATE CO-OPERATIVE EMPLOYEES WELFARE BOARD: www.kscewb.kerala.gov.in**
2. **KERALA SHOPS AND COMMERCIAL ESTABLISHMENT WORKER'S WELFARE BOARD: peedika.kerala.gov.in**
3. **KERALA LABOUR WELFARE FUND BOARD: www.labourwelfarefund.in**

ശമ്പളരഹിത അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ലീവ് കാലയളവിലെ ക്ഷേമനിധിയുടെ അംശാദായം അടച്ചെങ്കിൽ മാത്രമേ അനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളു എന്ന് ബന്ധപ്പെട്ട ക്ഷേമനിധി ഓഫീസുകളിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ശമ്പളരഹിത അവധി കാരണം അംശാദായം അടയ്ക്കുവാൻ കഴിയാത്ത ജീവനക്കാരുടെ കുടിശ്ശിക വരുത്തിയ കാലയളവിലെ അംശാദായവും, മാനേജ്മെൻറ് വിഹിതവും ചേർത്ത് പിന്നിട് ജോലിയിൽ പ്രവേശിക്കുമ്പോൾ അതാത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. ശമ്പളരഹിത കാലയളവിൽ സ്ഥാപനത്തിൽ ജോലി ചെയ്യാത്തതിനാൽ വിവിധ ക്ഷേമനിധികളുടെ ആ കാലയളവിലെ ജീവനക്കാരുടെ വിഹിതവും മാനേജ്മെൻറിൻെറ വിഹിതവും ജീവനക്കാരിൽ നിന്ന് തന്നെ ഈടാക്കി അടവ് വരുത്തേണ്ടതാണ്. ജീവനക്കാർക്ക് അംഗത്വമുള്ള ക്ഷേമനിധി അക്കൗണ്ടുകളിലെ അടവ് സംബന്ധിച്ച പരിശോധനയ്ക്കായി അക്കൗണ്ട് നമ്പരുകൾ അതാത് ജീവനക്കാർക്ക് നൽകേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**

To,

എല്ലാ റീജിയണൽ മാനേജർമാർക്കും.

**പകർപ്പ്**

1. എല്ലാ വകുപ്പ് മേധാവികൾക്കും.
2. ജനറൽ മാനേജർ
3. ചെയർമാൻെറ മേശപ്പുറത്ത് അറിവിലേക്കായി

Scanned by CamScanner